ശ്രീ. സി. കൊച്ചുകുഞ്ഞു് : വർക്ക്സ് കമ്മറ്റി കൂടുന്നതിനെ സംബന്ധിച്ചും കൂടിയാൽ പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുന്നതിനെ സംബന്ധിച്ചും വളരെ അനാസ്ഥ കാണിക്കുന്നതു് ആറ്റിങ്ങൽ ഉള്ള വർക്ക്സ് കമ്മറ്റിയെപ്പറ്റിയാണെന്നുള്ള വിവരം അറിയാമോ ?

ശ്രീ. കെ. ഐ. വേലായുധൻ : ബഹുമാനപ്പെട്ട മെംബർ പറഞ്ഞപ്പോഴാണു് മനസ്സിലായതു്.

ക്രെഡിറ്റ്ബാങ്ക് ലോൺ.

✱ 388. [15] ശ്രീ. പി. കുഞ്ഞൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രാവൻകൂർ ക്രെഡിറ്റ് ബാങ്കിൽനിന്നും ഏപ്രിൽമാസം തൊട്ടു് എത്രപേർക്കു ലോൺ അനുവദിച്ചിട്ടുണ്ടു് ;

(ബി) പതിനായിരം രൂപയ്ക്കുമേൽ കടംവാങ്ങിയവരുടെ പേരു് പറയുവാൻ ദയവുണ്ടാകുമോ ;

(സി) ഏറ്റവും കുറഞ്ഞ ലോൺ എടുത്തിട്ടുള്ളവരെത്ര ;

(ഡി) 1950–നുശേഷം ലോൺ എടുത്തിട്ടുള്ളവരിൽ അടച്ചുതീർത്തവരും, ഒട്ടും അടയ്ക്കാത്തവരും എത്ര പേരുവീതമുണ്ടു് ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) തിരുവിതാംകൂർ ക്രെഡിറ്റ് ബാങ്കിൽ നിന്നും കഴിഞ്ഞ ഏപ്രിൽമാസം തൊട്ടു് 88 പേർക്കു് ലോൺ കൊടുത്തിട്ടുണ്ടു്.

(ബി) പതിനായിരം രൂപയ്ക്കുമേൽ കടം വാങ്ങിയിട്ടുള്ളതു് ആറു പേരാണു്. പേരുവിവരം രഹസ്യമായതിനാൽ വെളിപ്പെടുത്തുന്നതു് ബാങ്കിന്റെ കൺവെൻഷനു് വിപരീതമാണു്.

(സി) മൂന്നു പേർ.

(ഡി) മുഴുവനും അടച്ചുതീർത്തിട്ടുള്ളവർ 12. ഒട്ടും അടയ്ക്കാത്തവർ ആരും ഇല്ല.

ശ്രീ. പി. കുഞ്ഞൻ : വലിയ തുക കടം വാങ്ങിയിട്ടുള്ളവർ തക്കതായ ജാമ്യം കൊടുത്തിട്ടില്ലെന്നും, തക്ക ജാമ്യം കൊടുത്തിട്ടുള്ളവർക്കു് ലോൺ കൊടുത്തിട്ടില്ലെന്നും അറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനെപ്പറ്റി എനിക്കു് അറിയാൻ പാടില്ല.

ശ്രീ. പി. കുഞ്ഞൻ : ആ കാര്യത്തെ സംബന്ധിച്ചു് ഒരു അന്വേഷണം നടത്താൻ ഗവണ്മെൻറ് തയ്യാറാകുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആ കാര്യത്തിൽ ഗവണ്മെൻറ് ഇടപെടണമെന്നു് വിചാരിക്കുന്നതു ശരിയാണെന്നു് തോന്നുന്നില്ല. എന്തെന്നാൽ, തിരുവിതാംകൂറിലെ നിയമസഭ പാസ്സാക്കിയ ഒരു നിയമം അനുസരിച്ചു് പ്രവർത്തനം നടത്തുന്ന ഒരു സ്റ്റാട്ടൂട്ടറി ബാങ്കാണു് ക്രെഡിറ്റ് ബാങ്കു്. അതിന്റെ നടപടിക്രമങ്ങൾ എല്ലാംതന്നെ ഒരു നിയമമനുസരിച്ചാണു നടത്തുന്നതു്. ആ സ്ഥിതിക്കു് ഗവണ്മെൻറിനു് ഒരു കാരണവശാലും ഈ ബാങ്കിനെ ചോദ്യം ചെയ്യാൻ പാടുള്ളതല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. വി. അവിരാത്തരകൻ : തിരുവിതാംകൂർ ക്രെഡിറ്റ് ബാങ്കിന്റെ പ്രവർത്തനം തിരുവിതാംകൂറിൽ മാത്രമേ ഉള്ളോ അതോ കൊച്ചിയിലുംകൂടി ഈ ബാങ്കുമൂലമുള്ള പ്രയോജനമുണ്ടാകുന്നുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : കൊച്ചിയിൽ ഇവിടത്തെ ക്രെഡിറ്റ് ബാങ്ക് കൊണ്ട് പ്രയോജനമില്ല.

ശ്രീ. എ. താണുപിള്ള : വായ്പ സംഖ്യ 12 പേർ തിരിയെ അടച്ചുതീർത്തിട്ടുണ്ടെന്നു പറഞ്ഞു. അതു 1950-നുശേഷം ലോൺ വാങ്ങിയിട്ടുള്ളവരാണോ ; അതോ അതിനുമുമ്പു ലോൺ വാങ്ങിയിട്ടുള്ളവരാണോ ?

SHRI PANAMPILLI GOVINDA MENON : The names and number of parties who have repaid loans since 1950 in full is the question and the answer is :

"Only 12 persons have repaid the loans in full amounting in all to Rs. 2,87,900."

ശ്രീ. കെ. പി. ഹർമ്മീസ് : തിരുവിതാംകൂർ ക്രെഡിറ്റ് ബാങ്കിനെ ഒരു സഹകരണബാങ്കായി രൂപാന്തരപ്പെടുത്താൻ സാധിക്കുകയില്ലേ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : സാധിക്കുകയില്ല. കാരണം, അതിലേക്ക് ഉണ്ടാക്കിയിട്ടുള്ള നിയമങ്ങൾ ഭേദഗതി ചെയ്യാതെ സാധിക്കുകയുള്ളൂ.

ശ്രീ. സി. എ. മാത്യു : പതിനായിരം രൂപയിൽ കൂടുതൽ ലോൺ കൊടുക്കാൻ പാടില്ലെന്ന വ്യവസ്ഥ ചെയ്തിരിക്കെ അതിൽ കൂടുതൽ കൊടുത്തിട്ടുള്ളതു സംബന്ധിച്ചു പരാതികൾ ഉണ്ടായിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെയുള്ള ആക്ഷേപങ്ങൾ ഗവണ്മെന്റിനു വന്നതായിട്ട് അറിവില്ല.

ശ്രീ. സി. എ. മാത്യു : അങ്ങനെ കൊടുത്തിട്ടുണ്ടെന്ന് അന്വേഷിച്ചറിയുന്ന പക്ഷം നടപടി നടത്തുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെ കൊടുത്തിട്ടുണ്ടോ എന്നു് അന്വേഷിച്ചു്, ഉണ്ടെങ്കിൽ ബഹുമാനപ്പെട്ട മെംബറിനെ എഴുതി അറിയിക്കാം.

ഫൈനാൻസു് കാർപ്പറേഷൻ ലോൺ.

* 389. [16] ശ്രീ. പി. കുഞ്ഞൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫൈനാൻസു കാർപ്പറേഷൻ രൂപീകൃതമായതിനുശേഷം, ആകെ എത്ര വ്യവസായങ്ങൾക്കു ലോൺ അനുവദിച്ചിട്ടുണ്ടു് ;

(ബി) പതിനയ്യായിരത്തിൽ താഴെ ഉള്ളവർ ആരെല്ലാം എന്നു പറയുവാൻ ദയവുണ്ടാകുമോ ;

(സി) എടുക്കുന്ന ലോണിനുതക്ക വിലപിടിപ്പുള്ള ജാമ്യംതന്നെയാണു് ഹാജരാക്കുന്നതെന്നു ഗവണ്മെന്റിനു ബോദ്ധ്യമുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly